REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-08-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ മഹാരാഷ്ട്ര ഗവർണർ CP രാധാകൃഷ്ണൻ NDA സ്ഥാനാർത്ഥി.**
- **അടുത്ത തലമുറ GST പരിഷ്കാരങ്ങൾ രാജ്യത്തുടനീളം പൗരന്മാർക്ക് ഇരട്ടി നേട്ടങ്ങൾ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പാർലമെന്റിന്റെ മൺസൂൺ സമ്മേളനം ഇന്ന് പുനരാരംഭിക്കും.**
- **സംസ്ഥാനത്ത് സ്കൂളുകളിൽ ഓണപ്പരീക്ഷ ഇന്ന് തുടങ്ങും.**
- **വരുംദിവസങ്ങളിൽ സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**
- **കേരള- കർണ്ണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പ്.**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ NDA സ്ഥാനാർത്ഥിയായി മഹാരാഷ്ട്ര ഗവർണർ CP രാധാകൃഷ്ണൻ മത്സരിക്കും. ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് ഇന്നലെ ചേർന്ന BJP പാർലമെന്ററി ബോർഡ് യോഗത്തിനു ശേഷം പാർട്ടി ദേശീയ അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ.പി നദ്ദയാണ് ഇക്കാര്യം വ്യക്തമാക്കിയത്. സമവായത്തോടെ തിരഞ്ഞെടുപ്പ് നടത്തുന്നതിന് എല്ലാ പാർട്ടികളേയും ഏകോപിപ്പിക്കാനാണ് BJP ലക്ഷ്യമിടുന്നതെന്നും NDA മുന്നണിയിലെ എല്ലാവരും തീരുമാനത്തെ പിന്തുണച്ചതായും നദ്ദ പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് ഉൾപ്പെടെ നേതാക്കൾ യോഗത്തിൽ പങ്കെടുത്തു.

അടുത്തമാസം ഒമ്പതിനാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്.

✪✪✪

മഹാരാഷ്ട്ര ഗവർണർ CP രാധാകൃഷ്ണനെ ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിയായി നാമനിർദേശം ചെയ്ത NDA തീരുമാനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാഗതം ചെയ്തു. നീണ്ട കാലത്തെ പൊതു ജീവിതത്തിനിടയിൽ സമർപ്പണം, വിനയം, ബുദ്ധിശക്തി, എന്നിവയിലൂടെ വ്യത്യസ്തത തെളിയിച്ച വ്യക്തിയാണ് CP രാധാകൃഷ്ണനെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സാമൂഹിക സേവനത്തിലും പാർശ്വവത്കരിക്കപ്പെട്ടവരുടെ ശാക്തീകരണത്തിലും രാധാകൃഷ്ണൻ എപ്പോഴും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടെന്നും നരേന്ദ്രമോദി അറിയിച്ചു. തമിഴ് നാട്ടിൽ താഴെ തട്ടിൽ വിപുലമായ പ്രവർത്തനങ്ങൾ നടത്തിയ അദ്ദേഹം വിവിധ സംസ്ഥാനങ്ങളുടെ ഗവർണർ എന്ന നിലയിലും MP എന്ന നിലയിലും സമ്പന്നമായ പരിചയത്തിന് ഉടമയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഭരണഘടനാ കാര്യങ്ങളിൽ വിപുലമായ അറിവിന്റെ ഉടമയായ അദ്ദേഹം പ്രചോദനാത്മകമായ ഉപരാഷ്ട്രപതിയാകുമെന്ന് നരേന്ദ്രമോദി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

✪✪✪

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ NDA സ്ഥാനാർത്ഥിയായി നിശ്ചയിച്ച CP രാധാകൃഷ്ണനെ ആഭ്യന്തരമന്ത്രി അമിത് ഷാ അഭിനന്ദിച്ചു. പാർലമെന്ററിയൻ എന്ന നിലയിലും വിവിധ സംസ്ഥാനങ്ങളുടെ ഗവർണർ എന്ന നിലയിലും ഭരണഘടനാ കടമകൾ ഫലപ്രദമായി നിറവേറ്റുന്നതിൽ രാധാകൃഷ്ണൻ നിർണായക പങ്കുവെച്ചതായി അമിത് ഷാ എക്സ്പോസ്റ്റിൽ കുറിച്ചു. അദ്ദേഹത്തിന്റെ വിപുലമായ അനുഭവ പരിചയവും ജ്ഞാനവും ഉപരിസഭയുടെ അന്തസ്സ് വർദ്ധിപ്പിക്കുമെന്ന് അമിത് ഷാ വ്യക്തമാക്കി.

✪✪✪

അടുത്ത തലമുറ GST പരിഷ്കാരങ്ങൾ രാജ്യത്തുടനീളം പൗരന്മാർക്ക് ഇരട്ടി നേട്ടങ്ങൾ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. 11,000 കോടി രൂപയുടെ രണ്ട് ദേശീയപാത പദ്ധതികൾ ന്യൂഡൽഹിയിലെ രോഹിണിയിൽ രാഷ്ട്രത്തിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ....

.....വോയ്സ്....

ആസാദി കാ മഹോത്സവ് ആഘോഷങ്ങൾക്കിടയിൽ ദേശീയ തലസ്ഥാനമായ ഡൽഹി വികസന വിപ്ലവത്തിനാണ് സാക്ഷ്യം വഹിക്കുന്നതെന്ന് നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. ദ്വാരക അതിവേഗ പാതയിലൂടെയും അർബൻ എക്സ്റ്റൻഷൻ റോഡിലൂടെയും ഡൽഹിക്ക് മെച്ചപ്പെച്ച സമ്പർക്കസൗകര്യം കൈവന്നതായും പ്രധാനമന്ത്രി അറിയിച്ചു. പദ്ധതി ഡൽഹി ഗുരുഗ്രാം, NCR എന്നിവിടങ്ങളിലെ ജനങ്ങളുടെ സൗകര്യം മെച്ചപ്പെടുത്തുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

ജനങ്ങളുടെ ജീവിതം സുഗമമാക്കുന്നതിനാണ് കേന്ദ്രഗവൺമെന്റ് നിരന്തരം ശ്രമിക്കുന്നതെന്നും, ഓരോ നയത്തെയും തീരുമാനത്തെയും നയിക്കുന്നത് ഈ ലക്ഷ്യമാണന്നും ഉദ്ഘാടന ചടങ്ങിൽ നരേന്ദ്രമോദി പറഞ്ഞു.

✪✪✪

പാർലമെന്റിന്റെ മൺസൂൺ സമ്മേളനം ഇന്ന് പുനരാരംഭിക്കും. ഇന്ത്യയുടെ ബഹിരാകാശ യാത്രികൻ ശുഭാൻശു ശുക്ലയുടെ നേട്ടവുമായി ബന്ധപ്പെട്ട് ലോക്സഭയിൽ ഇന്ന് പ്രത്യേക ചർച്ച നടത്തും. ‘2047 ലെ വികസിത ഭാരതത്തിൽ ബഹിരാകാശ പദ്ധതികളുടെ നിർണായക പങ്ക് ’ എന്ന വിഷയത്തിലാണ് ചർച്ച.

✪✪✪

ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ വോട്ടു തിരിമറി ആരോപണം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തള്ളി. ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങളിൽ നിന്ന് കമ്മീഷൻ ഒരിക്കലും പിന്മാറില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ വ്യക്തമാക്കി. തിരഞ്ഞെടുപ്പ് കമ്മീഷന് രാഷ്ട്രീയ വിവേചനമില്ലെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്തസമ്മേളനത്തിൽ അറിയിച്ചു.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തതിനായി ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി, ഇന്ന് ഇന്ത്യയിലെത്തും. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലിന്റെ ക്ഷണപ്രകാരമാണ് അദ്ദേഹത്തിന്റെ സന്ദർശനം. ഇന്ത്യ-ചൈന അതിർത്തി പ്രശ്നം സംബന്ധിച്ച പ്രത്യേക പ്രതിനിധികളുടെ 24-ാമത് ചർച്ചയിൽ അജിത് ഡോവലിനൊപ്പം വാങ് യി പങ്കെടുക്കും.

✪✪✪

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ സർവേകൾ മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 25 ന് ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് അതിഥി മന്ദിരത്തിൽ ആണ് പരിപാടി.

✪✪✪

വെളിച്ചെണ്ണയുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സപ്ലൈകോ വിൽപ്പനശാലകളിൽനിന്നും ഉപഭോക്താക്കൾക്ക് വാങ്ങാവുന്ന കേര വെളിച്ചെണ്ണയുടെ അളവ് രണ്ടു ലിറ്ററായി ഉയർത്തിയെന്ന് മന്ത്രി GR അനിൽ അറിയിച്ചു. നിലവിൽ ഇത് ഒരു ലിറ്ററായിരുന്നു.

✪✪✪

സപ്ലൈകോ, ശബരി ബ്രാൻഡിൽ അഞ്ചു പുതിയ ഉത്പന്നങ്ങൾ പുറത്തിറക്കും. നാളെ എറണാകുളം ബോൾഗാട്ടി പാലസിലെ ചടങ്ങിൽ മന്ത്രി GR അനിൽ പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

മന്ത്രി GR അനിൽ സംവദിക്കുന്ന ഫോൺ ഇൻ പ്രോഗ്രാമിൽ പൊതുജനങ്ങൾക്ക് ഇന്ന് മന്ത്രിയുമായി സംസാരിക്കാൻ അവസരം. ഉച്ചയ്ക്ക് 2 മുതൽ 3 വരെയാണ് സമയം. ഭക്ഷ്യ, പൊതുവിതരണ, ലീഗൽ മെട്രോളജി വകുപ്പുകളിലെയും സപ്ലൈകോയിലേയും വിഷയങ്ങൾ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും ഫോൺ ഇൻ പ്രോഗ്രാമിൽ അറിയിക്കാം. വിളിക്കേണ്ട നമ്പർ: 89 43 87 30 68

✪✪✪

സംസ്ഥാനത്ത് സ്കൂളുകളിൽ ഓണപ്പരീക്ഷ ഇന്ന് ആരംഭിക്കും. UP, ഹൈസ്കൂൾ, പ്ലസ് ടു വിദ്യാർഥികൾക്കാണ് പരീക്ഷ തുടങ്ങുന്നത്. LP വിഭാഗത്തിന് ബുധനാഴ്ച മുതലാണ് പരീക്ഷ. ഒന്നുമുതൽ 10 വരെ ക്ലാസുകളിലെ പരീക്ഷ 26ന് സമാപിക്കും. പ്ലസ് ടു പരീക്ഷ 27നും അവസാനിക്കും. പരീക്ഷ സമയങ്ങളിൽ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അന്നത്തെ പരീക്ഷ 29ന് നടത്തും. ഒന്ന്, രണ്ട് ക്ലാസുകളിൽ പരീക്ഷയ്ക്ക് സമയ ദൈർഘ്യം ഉണ്ടാകില്ല. കുട്ടികൾ എഴുതിത്തീരുന്ന മുറയ്ക്ക് അവസാനിപ്പിക്കാം. മറ്റ് ക്ലാസുകളിൽ രണ്ടുമണിക്കൂറാണ് പരീക്ഷ.

അതിനിടെ ഓണപ്പരീക്ഷയുടെ ചോദ്യക്കടലാസ് ചോർച്ച തടയാൻ വിദ്യാഭ്യാസ വകുപ്പ് മാർഗരേഖ പുറത്തിറക്കി. പരീക്ഷ തുടങ്ങുന്നതിന് അരമണിക്കൂർ മുൻപ് മാത്രമേ ചോദ്യക്കടലാസ് അടങ്ങുന്ന പാക്കറ്റുകൾ പൊട്ടിക്കാൻ പാടുള്ളൂ എന്ന് സ്കൂളുകളിലെ പ്രധാനാധ്യാപകരെ അറിയിച്ചു.

ചോദ്യക്കടലാസ് കൈകാര്യം ചെയ്യുന്നതിന് ഓരോ ജില്ലകളിലും പ്രത്യേകം മൂന്നംഗ പരീക്ഷാസെല്ലും സജ്ജമാക്കിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് വരുംദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

.....ഡെസ്ക് റിപ്പോർട്ട്....

(വോയിസ്)

മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. കേരള- കർണ്ണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

തുടർച്ചയായി പെയ്യത മഴയിൽ ഡാമുകളിലെ ജലനിരപ്പ് ഉയരുകയാണ്. ഇതേ തുടർന്ന് അണക്കെട്ടുകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. ഇടുക്കിയിലെ മാട്ടുപ്പെട്ടി, കല്ലാർകുട്ടി, ഇരട്ടയാർ, ലോവർ പെരിയാർ എന്നീ ഡാമുകളിലാണ് മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. നിശ്ചിത അളവിൽ വെള്ളം പുറത്തേക്ക് ഒഴുക്കിവിടുന്നുണ്ട്. ഡാമുകൾക്ക് സമീപത്തും പുഴയോരങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും താമസിക്കുന്ന വർക്ക് ജാഗ്രതാ നിർദേശം നൽകി.

✪✪✪

തൃശ്ശൂർ ജില്ലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ മുൻകരുതൽ നടപടിയുടെ ഭാഗമായി ഇന്ന് ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ അവധി പ്രഖ്യാപിച്ചു. CBSE, ICSE, കേന്ദ്രീയ വിദ്യാലയങ്ങൾ, അങ്കണവാടികൾ, മദ്രസകൾ, ട്യൂഷൻ സെന്ററുകൾ തുടങ്ങി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്. എന്നാൽ റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ഉണ്ടായിരിക്കില്ല. സ്കൂൾതല പരീക്ഷകൾക്കും അവധി ബാധകമാണ്. ഇന്നത്തെ ഓണപ്പരീക്ഷയുടെ തിയതി പിന്നീട് അറിയിക്കും. മുൻകൂട്ടി നിശ്ചയിച്ച മറ്റു പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും മാറ്റം ഉണ്ടായിരിക്കില്ല.

✪✪✪

പീച്ചി ഡാമിലേക്കുള്ള നീരൊഴുക്ക് ശക്തമായതിനെ തുടർന്ന് ഡാമിന്റെ നാല് ഷട്ടറുകളും രാവിലെ എട്ടിന് കൂടുതൽ ഉയർത്തുമെന്ന് പീച്ചി ഹെഡ് വർക്ക്സ് സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

നിലവിൽ അഞ്ച് ഇഞ്ച് വീതം തുറന്നിരിക്കുന്ന നാല് ഷട്ടറുകളും ഘട്ടം ഘട്ടമായി നാല് ഇഞ്ച് കൂടി ഉയർത്തും.

✪✪✪

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഉൾക്കടലിൽ കാലതാമസമില്ലാതെ ആശയവിനിമയം സാധ്യമാക്കുന്ന ട്രാൻസ്പോണ്ടറുകൾ മത്സ്യബന്ധനയാനങ്ങളിൽ ഘടിപ്പിക്കുന്ന നടപടികൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി എസ്.നീരജ്ലാൽ.

.... വോയ്സ്...

ഉൾക്കടലിലുള്ള മത്സ്യബന്ധനയാനങ്ങളിലെ തൊഴിലാളികൾക്ക് കരയിലേക്കും, തിരിച്ചും ലഘുസന്ദേശങ്ങളിലൂടെ ആശയവിനിമയം സാധ്യമാക്കുകയും, മുന്നറിയിപ്പുകൾ ലഭ്യമാക്കുകയും ചെയ്യുന്ന സാറ്റലൈറ്റ് അധിഷ്ഠിത ആശയവിനിമയ സംവിധാനമാണ് 'നഭ്മിത്ര' ട്രാൻസ്പോണ്ടർ. ജി-സാറ്റ് 6 നെ ആശ്രയിച്ച് പ്രവർത്തിക്കുന്ന ഈ ഉപകരണം രൂപകൽപ്പന ചെയ്ത് നിർമ്മിച്ചത് അഹമ്മദാബാദിലെ ഐ.എസ്.ആർ.ഒ. സ്പേസ് ആപ്ലിക്കേഷൻസ് സെന്ററാണ്. കാലാവസ്ഥാ, ചുഴലിക്കാറ്റ്, സുനാമി മുന്നറിയിപ്പുകൾ അലാറമായും പ്രാദേശിക ഭാഷയിൽ ടെക്സ്റ്റ് മെസ്സേജായും ഉൾക്കടലിലുള്ള യാനങ്ങളിൽ ലഭിക്കും. ബോട്ടുകൾ മുങ്ങുക, തീപ്പിടുത്തം ഉണ്ടാകുക തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ ഉപകരണത്തിലെ ബട്ടൺ അമർത്തിയാൽ ബോട്ടിന്റെ ലൊക്കേഷൻ ഉൾപ്പെടെയുള്ള വിവരം കൺട്രോൾ സെന്ററിൽ

ലഭിക്കുകയും, കൺട്രോൾ സെന്ററിൽ നിന്നുള്ള മറുപടിസന്ദേശം ബോട്ടിലെ തൊഴിലാളികൾക്ക് ലഭിക്കുകയും ചെയ്യും. മലയാളം ഉൾപ്പടെ എട്ട് ഭാഷകളിൽ ആശയവിനിമയം നടത്താൻ സൗകര്യമുണ്ട്. കൂടാതെ കപ്പൽച്ചാലുകൾ, രാജ്യാന്തര സമുദ്ര അതിർത്തി എന്നിവ സംബന്ധിച്ച മുന്നറിയിപ്പുകളും ഉപകരണം ലഭ്യമാക്കും. നാൽപ്പതിനായിരം രൂപയോളം വിലവരുന്ന ഉപകരണം ആദ്യഘട്ടത്തിൽ സൗജന്യമായാണ് ബോട്ടുകൾക്ക് നൽകുന്നത്. നീണ്ടകര ഫിഷറീസ് സ്റ്റേഷൻ മുഖേന അഞ്ഞൂറോളം ബോട്ടുകളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിച്ചതായി ഫിഷറീസ് അധികൃതർ പറഞ്ഞു.

✪✪✪

കേരള സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്ന സാർവദേശീയ സാഹിത്യോത്സവത്തിന് തൃശൂരിൽ തുടക്കമായി. സാഹിത്യ അക്കാദമിയിൽ എഴുത്തുകാരൻ വൈശാഖൻ പതാക ഉയർത്തി. മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു. അക്കാദമി ഓഡിറ്റോറിയത്തിന് കേരള സാഹിത്യ അക്കാദമി MT ഓഡിറ്റോറിയം എന്ന് മന്ത്രി നാമകരണം ചെയ്തു.

✪✪✪

ഡ്യൂറണ്ട് കപ്പ് ഫുട്ബോളിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ പരാജയപ്പെടുത്തി ഈസ്റ്റ് ബംഗാൾ FC സെമിയിൽ കടന്നു. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ 2-1 നാണ് ഈസ്റ്റ് ബംഗാളിന്റെ ജയം. സെമിയിൽ അവർ ഡയമണ്ട് ഹാർബറിനെ നേരിടും.

✪✪✪

മലേഷ്യ ഇന്റർനാഷണൽ ചാലഞ്ച് ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ ദേവിക സിഹാഗിന് കിരീടം. മലേഷ്യയിലെ ഇപ്പോയിൽ ഫൈനലിൽ അഞ്ചാം സീഡ് താരം ഇഷാരണി ബറുവയെ പരാജയപ്പെടുത്തിയാണ് ദേവികയുടെ നേട്ടം. സ്വീഡിഷ് ഓപ്പണിലും പോർച്ചുഗൽ ഇന്റർനാഷണലിലും ദേവിക കിരീടം സ്വന്തമാക്കിയിരുന്നു.

✪✪✪

ബൾഗേറിയയിൽ അണ്ടർ 20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡലിനായി ഇന്ത്യൻ താരം വിശാൽ ഇന്ന് മത്സരിക്കും. ഫ്രീസ്റ്റൈൽ സെമി ഫൈനലിൽ ഇന്നലെ വിശാൽ പരാജയപ്പെട്ടിരുന്നു.

✪✪✪

ക്ഷീര കർഷകർക്ക് ഈ വർഷം മലബാർ മിൽമ ഓണ സമ്മാനമായി ഏഴ് കോടി 35ലക്ഷം  രൂപ നൽകുമെന്ന് മലബാർ മിൽമ ഭരണസമിതി യോഗം അറിയിച്ചു. അധിക പാൽവിലയായി നാലു കോടി 15 ലക്ഷം രൂപയും, കാലിത്തീറ്റ സബ്സിഡിയായി മൂന്ന് കോടി 2 ലക്ഷം രൂപയുമാണ് നൽകുക.

മിൽമ മലബാർ മേഖലാ യൂണിയന് ജൂലൈ ഒന്നു മുതൽ 31 വരെ പാൽ നൽകിയ എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും നിശ്ചിത ഗുണനിലവാരത്തോട് കൂടിയ പാലിന് ലിറ്ററിന് രണ്ടു രൂപ വീതം അധികം നൽകാനും ഭരണസമിതിയോഗം തീരുമാനിച്ചു. ഇതു പ്രകാരം മലബാറിലെ ആറ് ജില്ലകളിലെ ക്ഷീര കർഷകർക്ക് നാല് കോടി 15 ലക്ഷം രൂപ ലഭ്യമാകും.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader:  രജിന കെ*
*NRT:ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*